(ജി, എച്ച്). കുറ്റക്കാരായ സർക്കാർ ജീവനക്കാർക്കെതിരെ നടപടി എടുക്കാൻ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ നിലവിലുണ്ട്. പ്രസ്തുത ഡോക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ അത് മേൽപ്പറഞ്ഞ ചട്ടങ്ങൾ പ്രകാരമായിരിക്കും.

നെടുങ്ങോലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുന്നതിന് നടപടി

143 [5288] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിയശേഷം എന്തൊക്കെ കാര്യങ്ങളാണ് ഇവിടെ ചെയ്തിട്ടുള്ളത്;

(ബി) കമ്മ്യൂണിറ്റി സെന്ററിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും അനുപാതം എത്രയാണ്;

(സി) പ്രസ്തുത എണ്ണം ഡോക്ടർമാരെയും നഴ്സുമാരെയും നെടുങ്ങോലം ആശുപത്രിക്കും അനുവദിച്ച് നൽകുമോ?

ഉത്തരം

(എ) നെടുങ്ങോലം രാമറാവു ആശുപത്രിയെ 20-3-2003-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്തു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ പുതിയ തസ്തികകൾ പുനർവിന്യാസം വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ച് മൂന്ന് മെഡിക്കൽ ഓഫീസർമാർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഓഫ്താൽമിക് അസിസ്റ്റന്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരെ പുനർവിന്യാസം വഴി ഈ ആശുപത്രിയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഞ്ച് ഡോക്ടർമാരും ഏഴ് നഴ്സുമാരുമാണ് വേണ്ടത്.

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം നിലനിൽക്കുന്നതിനാൽ, ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ട ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ഹൈവേറിയ ഇൻസ്പെക്ടർ തസ്തികകൾ നികത്തുന്നതിന് നടപടി

144 [5289] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെ സമാന തസ്തികയായ ഹൈവേറിയ ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly